# "ഭരണഭാഷ മാതൃഭാഷ"

D6/3841/2020/DCEDDKLM

കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം, കൊല്ലം

തീയതി: 29.05.2020

**<u>പരിപത്രം</u>**

വിഷയം:- കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കൊല്ലം - എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ 2020-21-വർഷത്തിലെ ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്:-

സൂചന :- 1. സ.ഉ(എം.എസ്): 155/2020/ഉ വി വ തീയതി 1.4 .2020
2. കോ.വി.വ ഡയറക്ടറുടെ 24.7.2019 ലെ വി1/103066/2018/കോ.വി.വ നമ്പർ സർക്കുലാർ
3. കോ.വി.വ ഡയറക്ടറുടെ 2.12.2019 ലെ ഡി5 /16691/2019/കോ.വി.വ നമ്പർ കത്ത്
4. കോ.വി.വ ഡയറക്ടറുടെ 13.3.2020 ലെ ഡി5/393/2020/കോ.വി.വ നമ്പർ കത്ത്

*************

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

2020-2021 അദ്ധ്യയന വർഷത്തിലെ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേലെജുകളിലെ ഗസ്റ്റ് അദ്ധ്യപകരുടെ നിയമനത്തിന് താഴെ വിവരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനത്തിനായി ഡിപ്പാർട്ട്മെന്റിലെ ജോലി ഭാരം കണക്കാക്കുമ്പോൾ സൂചനയിലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പി.ജി കോഴ്സിന്റെ വെയ്റ്റേജ് ഒഴിവാക്കേണ്ടതാണ്. പി.ജി വെയ്റ്റേജ് ഒഴിവാക്കി ഒരു വിഷയത്തിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുമ്പോൾ ഒരു കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള എല്ലാ കോളേജുകളിലേയും ടി വിഷയത്തിലെ ഒഴിവുകളെ ഒരു യൂണിറ്റായി കണക്കാക്കിമാത്രമേ നിയമനം അനുവദിക്കാൻ പാടുള്ളൂ. ഇതിനായി ഗസ്റ്റ് അദ്ധ്യാപകരുടെ ആദ്യമാസത്തെ വേതനം ക്ലെയിംചെയ്യുന്ന പ്രൊപ്പോസലിനോടൊപ്പം പി.ജി വെയ്റ്റേജിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കിയ പോസ്റ്റിലേക്ക് നിയമനം നടത്തിയിട്ടില്ല എന്ന സത്യവാങ്മൂലം പ്രിൻസിപ്പാൾ / ഡിഡിഒ സമർപ്പിക്കേണ്ടതാണ്.
2. ഗസ്റ്റ്അദ്ധ്യാപക നിയമനത്തിന് അസിസ്റ്റന്റ് പ്രൊഫസറുടെ യോഗ്യതയുള്ളവർക്ക് മുൻഗണന നൽകേണ്ടതാണ്. ഒരു കാരണവശാലും അസിസ്റ്റന്റ് പ്രൊഫസറുടെ യോഗ്യതയുള്ളവരെ തഴഞ്ഞിട്ട് യോഗ്യത ഇല്ലാത്തവർക്ക് മുൻഗണന നൽകരുത്. ഇതിനായി സ്ഥിരം അദ്ധ്യാപക നിയമനത്തിനുള്ള കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 12.3.2003, 10.09.2004 എന്നീ തീയതികളിലെ സർക്കുലറുകൾ, 16.10.2004 ലെ ഉത്തരവ് എന്നിവ പ്രകാരമുള്ള മാനദണ്ഡം സ്വീകരിക്കാവുന്നതാണ്. പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ, ഇന്റർവ്യൂൽ പങ്കെടുക്കുന്ന എല്ലാ ഉദ്യോഗാർത്ഥികളെയും ഉൾപ്പെടുത്തി തയ്യാറാക്കിയ സ്കോർഷീറ്റ് ഹാജരാക്കേണ്ടതാണ്. സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം ഇന്റർവ്യൂ നടത്തേണ്ടത്. സബ്ജക്ട് എക്സ്പ്പർട്ട്മാർ അതേ കോളേജിലെ അദ്ധ്യാപകരോ അതേ കോളേജിൽനിന്നും വിരമിച്ച അധ്യാപകരോ ആകരുത്.
3. കോവിഡ്- - 19 മൂലം ലോക്ക്ഡൗൺ നിലനിന്നിരുന്നതിനാൽ ഈ കാര്യാലയത്തിൽ തയ്യാറാക്കിയിട്ടുള്ള ഗസ്റ്റ് പാനലിൽ രജിസ്റ്റർ ചെയ്യാത്തവരേയും ഇന്റർവ്യൂവിന് പങ്കെടുപ്പിക്കാവുന്നതാണ്. ഇവർക്ക് നിയമന ഉത്തരവ് നൽകുന്നതിനു മുമ്പായി ഗസ്റ്റ് പാനൽ രജിസ്ട്രേഷൻ ഉറപ്പക്കേണ്ടതാണ്. ഗസ്റ്റ് പാനലിൽ രജിസ്റ്റർ ചെയ്യാത്തവരെ റാങ്ക് ലിസ്റ്റീൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം പ്രിൻസിപ്പാൾ നിയമന ഉത്തരവ് നൽകുന്നതിനു മുമ്പായി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.
4. ഗസ്റ്റ് അദ്ധ്യാപകൻ ജോലിക്ക് ചേരുന്ന ദിവസം തന്നെ 200/-രൂപ യുടെ മുദ്രപത്രത്തിൽ കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ ഒപ്പ് വയ്ക്കുന്ന ദിവസം മുതൽ മാത്രമാണ് വേതനത്തിന്

അർഹതയുള്ളത്. അസിസ്റ്റന്റ് പ്രൊഫസർ യോഗ്യതയുള്ളവരുടെ അഭാവത്തിൽ യോഗ്യത ഇല്ലാത്തവരെ നിയമിക്കുകയും അവർ പിന്നീട് നിയമന കാലയളവിൽ യോഗ്യത നേടുകയും ചെയ്താൽ പുതിയ കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. കൂടാതെ മാനേജറുടെ പരിഷ്കരിച്ച നിയമന ഉത്തരവ് കൂടി സമർപ്പിക്കേണ്ടതാണ്. പുതിയ കരാറിൽ ഒപ്പ് വയ്ക്കുന്ന ദിവസം മുതൽ ഉയർന്ന വേതനത്തിന് അർഹമാകുന്നതാണ് എന്ന് സൂചന 4 ലെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

5. റാങ്ക് ലിസ്റ്റിൽ ആദ്യമുള്ളവർക്ക് നിയമന ഉത്തരവ് അയക്കുകയും അവർ ജോലിക്ക് ചേരാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ നിയമനം നിരസിക്കുന്നതായ കത്ത് (relinquishment letter) സമർപ്പിക്കാൻ രേഖാമൂലം ഉദ്യോഗാർത്ഥികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഇതിനു, പുറമേ 'ഇ-മെയിൽ' മുഖേനയും relinquishment letter ആവശ്യപ്പെട്ട് കത്തയയ്ക്കാവുന്നതാണ്. മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ തീയതിയും സമയവുമടങ്ങിയ മേൽ വിവരിച്ച രേഖകൾ തെളിവായി ഹാജരാക്കേണ്ടതാണ്. ജോലിക്ക് ചേരാനും relinquishment letter ഹാജരാക്കാനും ഉദ്യോഗാർത്ഥിക്ക് മതിയായ സമയം നൽകേണ്ടതാണ്.
6. ഗസ്റ്റ് അദ്ധ്യാപകരെ പരീക്ഷാ ജോലിക്കോ, മറ്റ് ജോലികൾക്കോ (കോളേജ് യൂണിയൻ ഇലക്ഷൻ, ആർട് സ് ഫെസ്റ്റിവൽ മുതലായവ) നിയോഗിക്കുകയാണെങ്കിൽ, ഇതിനായി രേഖാമൂലം പ്രത്യേക ഉത്തരവ് നൽകേണ്ടതാണ്. സ്ഥിരം അധ്യാപകരുടെ അഭാവത്തിൽ മാത്രമാണ് മേൽ പറഞ്ഞ ജോലിക്ക് ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കേണ്ടത്. ഇപ്രകാരം പ്രിൻസിപ്പലിന്റെ സർട്ടിഫിക്കറ്റും പ്രൊപ്പോസലിനോടൊപ്പം ഹാജരാക്കേണ്ടതാണ്.
7. ഗസ്റ്റ് അദ്ധ്യാപകരെ സർവ്വകലാശാല പരീക്ഷ ജോലിക്ക് നിർദ്ദേശിക്കുകയാണെങ്കിൽ സർവ്വകലാശാലയിൽ നിന്നും ലഭിച്ച നിയമന ഉത്തരവും, ജോലിക്ക് ഹാജരായതിന് സർവ്വകലാശാലയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റും പ്രൊപ്പോസലിനോടൊപ്പം ഹാജരാക്കേണ്ടതാണ്.
8. ഗസ്റ്റ് അദ്ധ്യാപക നിയമനത്തിന് പത്രങ്ങൾ മുഖേന വേണ്ടത്ര പ്രചാരംനൽകേണ്ടതാണ്. അഭിമുഖ തീയതിക്ക് 15 ദിവസം മുൻപ് തന്നെ വിജ്ഞാപനം നടത്തിയിരിക്കണമെന്ന് സൂചന 3 ലെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.
9. ഗസ്റ്റ് അദ്ധ്യാപക നിയമനം നടത്തി ആദ്യമാസം തന്നെ എല്ലാ രേഖകളും സഹിതം അവരുടെ വേതനം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ (നിയമന രേഖകളും ആദ്യമാസം ശമ്പളം ലഭിക്കുന്നതിനുള്ള രേഖകളും ഉൾപ്പെടെ) ഹാജരാക്കേണ്ടതാണ്. തുടർന്നുള്ള മാസങ്ങളിലെ ശമ്പളം കൃത്യമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഓരോ മാസത്തെയും വേതനത്തിനുള്ള പ്രൊപ്പോസലുകൾ അടുത്തമാസം 15 ന് മുൻപുതന്നെ ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്

സൂചനയിലെ ഉത്തരവുകളിലേയും, സർക്കുലറിലേയും, കത്തുകളിലേയും നിർദ്ദേശങ്ങൾ പാലിക്കാതെ ഗസ്റ്റ് അദ്ധ്യാപക നിയമനം നടത്തി. ഗസ്റ്റ് അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യമുണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം' പ്രിൻസിപ്പാൾ/ഡി ഡി ഒ' യ്ക്ക് മാത്രമായിരിക്കും എന്നറിയിക്കുന്നു. കൂടാതെ ഗസ്റ്റ് അദ്ധ്യാപകർക്ക് എല്ലാ മാസവും കൃത്യമായി ശമ്പളം ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

അതിഥി അദ്ധ്യാപകരുടെ ശമ്പളവുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ അതിഥി അദ്ധ്യാപകർക്ക് എല്ലാമാസവും ശമ്പളം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള വീഴ്ച്ച വരുത്തുന്ന പ്രിൻസിപ്പൾമാർ /ഡി ഡി ഒ മാരുടെ പേരു വിവരം സർക്കാരിലേയ്ക്ക് അറിയിക്കുന്നതിന് പുറമേ ഡിഡിഒ മാരുടെ ശമ്പളം തടഞ്ഞുവക്കുന്ന നടപടി വരെ സ്വീകരിക്കുന്നതാണ്.

Approval Valid

Digitally Approved By
Dr.Krishnankutty K
Date: 29.05.2020
Reason: Approved

ഒപ്പ്/-
**Dr.Krishnankutty K**
പ്രിൻസിപ്പൾ ഇൻ ചാർജ് ഓഫ് ഡെപ്യൂട്ടി ഡയറക്ടർ